ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 24.10.2024 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട 'ദാന' ചുഴലിക്കാറ്റ് ഇന്ന് രാത്രിയോടെ ഒഡീഷ തീരം തൊടും. തീരദേശ ജില്ലകളിൽ കനത്ത മഴയ്ക്ക് സാധ്യത. ദുരന്ത സാധ്യതാ മേഖലകളിൽ നിന്ന് ജനങ്ങളെ മാറ്റിപ്പാർപ്പിച്ചു.

   **The severe cyclone 'Dana' formed over the east-central Bay of Bengal is set to make landfall along the Odisha coast somewhere between Bhitarkanika and Dhamra late tonight.**

2. ഏഴാമത് ഇന്ത്യ-ജർമൻ ഗവൺമെൻറ് തല ചർച്ചയിൽ പങ്കെടുക്കുന്നതിനായി ജർമൻ ചാൻസലർ ഒലാഫ് ഷോൾസ് ഇന്ന് രാജ്യത്തെത്തും.

   **German Chancellor Olaf Scholz to arrive in India on a three-day visit to co-chair Intergovernmental Consultations with Prime Minister Narendra Modi.**

3. കേരളത്തിൽ ഉപതിരഞ്ഞെടുപ്പിനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി നാളെ അവസാനിക്കും.

   **Campaigns for byelections intensified in Kerala. Tomorrow is the last day to submit nominations.**

4. പോളിയോ നിർമാർജ്ജനത്തിൻറെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധമുയർത്തി ഇന്ന് ലോക പോളിയോ ദിനം.

**World Polio Day is being observed today.**

5. ഇന്ത്യ- ന്യൂസിലൻഡ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയുടെ ആദ്യ ദിന മത്സരം പൂനെ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു.

**In Cricket, second Test between India and New Zealand to begin this morning in Pune.**

*************************************

## DAY ODISHA CYCLONE – DANA

ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട 'ദാന' ചുഴലിക്കാറ്റ് ഇന്ന് രാത്രിയോടെ ഒഡീഷ തീരം തൊടും. മണിക്കൂറിൽ 100 മുതൽ 120 കിലോമീറ്റർ വരെ വേഗത പ്രതീക്ഷിക്കുന്ന ചുഴലിക്കാറ്റ് നാളെ പുലർച്ചെയോടെ പൂർണമായും തീരത്ത് പ്രവേശിക്കും. ഒഡീഷയിലെ കേന്ദ്രാപഡാ, ബാലസോർ, മയൂർഭഞ്ച്, ജഗത്സിംഗ്പൂർ, ഭദ്രക് ജില്ലകളെയാണ് ദാന ഏറ്റവും കൂടുതൽ ബാധിക്കുക. ചുഴലിക്കാറ്റിന്റെ പ്രഭാവത്താൽ തീരദേശജില്ലകളിൽ അതിശക്തമായ മഴ അനുഭവപ്പെടും. ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റുകയാണ്. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നിരവധി സർക്കാർ സ്ഥാപനങ്ങൾക്കും നാളെ വരെ അവധി പ്രഖ്യാപിച്ചിട്ടുണ്ട്. ഭുവനേശ്വറിലെ ബിജു പട്നായിക് അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നുള്ള എല്ലാ വിമാന സർവീസുകളും ഇന്ന് വൈകുന്നേരം 5 മുതൽ നാളെ രാവിലെ 9 വരെ റദ്ദാക്കിയിട്ടുണ്ട്. 200 ലേറെ ട്രെയിനുകളും റദ്ദാക്കി. ഒഡീഷാ തീരത്ത് അതിശക്തമായ കാറ്റും, ഉയർന്ന തിരമാലയുമാണ് ഇന്ന്

രാവിലെ മുതൽ അനുഭവപ്പെടുന്നത്. ശക്തമായ മഴയും ആരംഭിച്ചിട്ടുണ്ട്.

************************************

## RAILWAYS-DANA

ദാന ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ റെയിൽ ഗതാഗതം പുനഃസ്ഥാപിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 9 വാർ റൂമുകൾ സജ്ജീകരിക്കാനൊരുങ്ങി ഇന്ത്യൻ റെയിൽവേ. കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

************************************

## GERMAN CHANCELLOR

ജർമൻ ചാൻസലർ ഒലാഫ് ഷോൾസ് മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. ഏഴാമത് ഇന്ത്യ-ജർമൻ ഗവൺമെൻറ് തല ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദിയും ഒലാഫ് ഷോൾസും സംയുക്തമായി അധ്യക്ഷത വഹിക്കും. പ്രതിരോധ സഹകരണം, സുരക്ഷ, സാമ്പത്തിക ബന്ധം ശക്തിപ്പെടുത്തൽ എന്നിവ സംബന്ധിച്ച ഉഭയകക്ഷി ചർച്ചകളിലും ഇരു നേതാക്കളും നാളെ പങ്കെടുക്കും. പതിനെട്ടാമത് ജർമൻ ബിസിനസ് ഏഷ്യാ-പസഫിക് സമ്മേളനത്തെയും ഇരുവരും അഭിസംബോധന ചെയ്യും. ഇൻഡോ-പെസഫിക് രാജ്യങ്ങളിലെയും, ജർമനിയിലെയും പ്രവസായ പ്രമുഖരും, രാഷ്ട്രീയ പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. യൂറോപ്പിലെ ഇന്ത്യയുടെ പ്രധാന പങ്കാളിത്ത രാഷ്ട്രമാണ് ജർമനി. കൃഷി, നിർമിത ബുദ്ധി, ഡിജിറ്റൽ സാങ്കേതികവിദ്യ തുടങ്ങിയ സുപ്രധാന മേഖലകളിൽ ഇന്ത്യയ്ക്കും ജർമനിക്കുമിടയിൽ മികച്ച സഹകരണമാണ് നിലനിൽക്കുന്നത്.

************************************

## SITHARAMAN – US TOUR

ലോകബാങ്കിന്റെയും അന്താരാഷ്ട്ര നാണ്യ നിധിയുടെയും വാർഷിക യോഗത്തിൻറെ ഭാഗമായി നടന്ന ദുരന്ത നിവാരണ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച സമ്മേളനത്തിന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ അധ്യക്ഷത വഹിച്ചു. ആഗോള പരമാധികാര കടപ്പത്ര സമ്മേളനത്തിലും ശ്രീമതി സീതാരാമൻ പങ്കെടുത്തു. നിർണായക നിക്ഷേപങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതെ കടബാധ്യതകൾ നിറവേറ്റാൻ രാജ്യങ്ങളെ സഹായിക്കുന്നതിന് ആഴത്തിലുള്ള സംഭാഷണങ്ങൾ സംഘടിപ്പിക്കാൻ ധനമന്ത്രി ആഹ്വാനം ചെയ്തു. തന്ത്രപരവും സമാധാനപരവുമായ ബഹുമുഖ നയമാണ് ഇന്ത്യ പിന്തുടരുന്നതെന്നും സെന്റർ ഫോർ ഗ്ലോബൽ ഡെവലപ്മെന്റ് സംഘടിപ്പിച്ച ചർച്ചയിൽ ശ്രീമതി സീതാരാമൻ പറഞ്ഞു. ബഹുരാഷ്ട്ര സ്ഥാപനങ്ങൾ കഴിവുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും ആഗോള നന്മയ്ക്കായി സ്വയം ശക്തിപ്പെടുത്താനും മന്ത്രി അഭ്യർത്ഥിച്ചു. ലോകബാങ്ക് പ്രസിഡന്റ് അജയ് ബംഗയുമായും ശ്രീമതി സീതാരാമൻ കൂടിക്കാഴ്ച നടത്തി.

****************************************************

## ELECTION–KERALA

വയനാട് ലോക്സഭാ മണ്ഡലത്തിലേക്കും ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലേക്കുമുള്ള ഉപതെരഞ്ഞെടുപ്പിൻറെ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി നാളെ അവസാനിക്കും. അടുത്ത മാസം 13നാണ് വോട്ടെടുപ്പ്. ഉപതിരഞ്ഞെടുപ്പ് പ്രചാരണം മണ്ഡലങ്ങളിൽ ഊർജിതമായി പുരോഗമിക്കുന്നു. വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിലെ ഇടത് സ്ഥാനാർഥി സത്യൻ മൊകേരിയും, എൻഡിഎ സ്ഥാനാർഥി നവ്യ ഹരിദാസും ഇന്ന് പത്രിക സമർപ്പിച്ചു. യുഡിഎഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധി ഇന്നലെ നാമനിർദേശ പത്രിക സമർപ്പിച്ചിരുന്നു. പാലക്കാട് യു.ഡി.എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിലും എൽ.ഡി.എഫ് സ്വതന്ത്രൻ പി.സരിനും ഇന്ന് പത്രിക സമർപ്പിക്കും.

എൻ.ഡി.എ.സ്ഥാനാർഥി ബി.ജെ.പി യിലെ സി.കൃഷ്ണകുമാർ ഇന്നലെ നാമനിർദ്ദേശ പത്രിക സമർപ്പിച്ചിരുന്നു.

*****************************************

## CHELAKKARA – ELECTION … INTRO

ചേലക്കര ഉപതെരഞ്ഞെടുപ്പിനായി പ്രധാന സ്ഥാനാർത്ഥി കളെല്ലാവരും നാമനിർദ്ദേശപത്രിക സമർപ്പിച്ചതോടെ പ്രചാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി. **വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്…**

(വോയ്സ്)

*****************************************

## PM – PALI

പാലി ഭാഷയ്ക്ക് ശ്രേഷ്ഠഭാഷ പദവി നൽകാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനത്തിൽ സന്തുഷ്ടി പ്രകടിപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ശ്രീ ബുദ്ധന്റെ പ്രബോധനങ്ങളിൽ വിശ്വസിക്കുന്നവരിൽ തീരുമാനം സന്തോഷം പകർന്നതായി അദ്ദേഹം സമൂഹമാധ്യമമായ എക്സിൽ കുറിച്ചു.

*****************************************

## DELHI – POLLUTION

ഡൽഹിയിലെ വായു ഗുണനിലവാരം വളരെ മോശം വിഭാഗത്തിൽ തുടരുന്നതായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്. ഏറ്റവും പുതിയ റിപ്പോർട്ട് അനുസരിച്ച് വായു ഗുണനിലവാര സൂചിക 325 രേഖപ്പെടുത്തി. വായു ഗുണനിലവാരം മോശമായ സാഹചര്യത്തിലാണെന്ന് ചൂണ്ടിക്കാട്ടി ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വി.കെ സക്സേന മുഖ്യമന്ത്രി അതിഷിക്ക് കത്തയച്ചു.

*****************************************

## GOVT– DAP

രാജ്യത്തുടനീളം ഡൈ അമോണിയം ഫോസ്ഫേറ്റ് ദൗർലഭ്യം അനുഭവപ്പെടുന്നതായ മാധ്യമ റിപ്പോർട്ടുകൾ തള്ളി കേന്ദ്ര സർക്കാർ. ഡിഎപി സബ്സിഡി കുറച്ചിട്ടില്ലെന്നും, പരമാവധി ചില്ലറ വില 50 കിലോഗ്രാമിന് 1,350 രൂപയായി കോവിഡ് കാലം മുതൽ നിലനിർത്തിയിരിക്കുകയാണെന്നും രാസവള മന്ത്രാലയം വ്യക്തമാക്കി. 2024 റാബി സീസണിൽ ഡിഎപിയുടെ സബ്സിഡി വർധിപ്പിച്ചതായും മന്ത്രാലയം അറിയിച്ചു.

**************************************

## WORLD POLIO DAY

ഇന്ന് ലോക പോളിയോ ദിനം. പോളിയോ നിർമാർജനം, വാക്സിനേഷൻ, രോഗത്തെക്കുറിച്ചുള്ള അവബോധം വളർത്തൽ എന്നിവ ലക്ഷ്യമിട്ടാണ് ദിനാചരണം. പോളിയോ വൈറസിൻറെ സാന്നിധ്യം ലോകത്ത് ഇപ്പോഴുമുണ്ടെന്ന് മനസ്സിലാക്കി കുഞ്ഞുങ്ങളെ പോളിയോ രോഗത്തിൽ നിന്നും സംരക്ഷിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു. എല്ലാ കുട്ടികൾക്കും പോളിയോ വാക്സിൻ ഉറപ്പാക്കണമെന്നും മന്ത്രി അഭ്യർഥിച്ചു .

**************************************

## ADM – COURT

കണ്ണൂർ എഡിഎം കെ നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ട് പി പി ദിവ്യ തലശ്ശേരി ജില്ലാ സെഷൻസ് കോടതിയിൽ നൽകിയ മുൻകൂർ ജാമ്യ അപേക്ഷയിൽ വാദം തുടങ്ങി. യാത്രയയപ്പ് ചടങ്ങിൽ സദുദ്ദേശപരമായാണ് സംസാരിച്ചതെന്ന് ദിവ്യയുടെ അഭിഭാഷകൻ കെ വിശ്വൻ കോടതിയെ അറിയിച്ചു. ആത്മഹത്യക്ക്

പ്രേരണയാകുന്ന ഒന്നും താൻ പറഞ്ഞില്ലെന്നും മുൻകൂർ ജാമ്യ അപേക്ഷയിൽ പറയുന്നു.

*************************************

## ANIMAL WELFARE-KANNUR… INTRO

മൃഗസംരക്ഷണ വകുപ്പിന്റെ മലബാർ മേഖലയിലെ റഫറൽ ലബോറട്ടറിയായ കണ്ണൂർ മേഖലാ രോഗനിർണയ ലബോറട്ടറിയിലെ മൈക്രോബയോളജി, ബയോടെക്നോളജി വിഭാഗം മന്ത്രി ജെ.ചിഞ്ചു റാണി ഉദ്ഘാടനം ചെയ്തു. ഗോവർധിനി കന്നുകുട്ടി പരിപാലന പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒശശിധരൻ..**

(VOICE)

*************************************

## CRICKET - IND NZ

ഇന്ത്യ- ന്യൂസിലൻഡ് രണ്ടാം ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയുടെ ആദ്യ ദിന മത്സരം പൂനെ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ടോസ് നേടി ബാറ്റിങ്ങ് തിരഞ്ഞെടുത്ത ന്യൂസിലൻഡ് ഒടുവിൽ വിവരം ലഭിക്കുമ്പോൾ 3 വിക്കറ്റിന് 138 റൺസ് എന്ന നിലയിലാണ്. മൂന്ന് മത്സരങ്ങളുടെ പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ന്യൂസിലൻഡിനായിരുന്നു വിജയം.

*************************************

## WOMENS CRICKET

വനിതാ ക്രിക്കറ്റിൽ, ഇന്ത്യ- ന്യൂസിലൻറ് ഏകദിന പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 1.30നാണ് മത്സരം ആരംഭിക്കുക. മൂന്ന് മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

******************************************

## WRESTLING– BRONZE

അണ്ടർ 23 ലോക ചാമ്പ്യൻഷിപ്പ് ഗുസ്തിയിൽ ഇന്ത്യയുടെ വിശ്വജിത് രാമചന്ദ്ര മോറെക്ക് വെങ്കല മെഡൽ. ഇന്ന് രാവിലെ അൽബേനിയയിലെ ടിറാനയിൽ നടന്ന പുരുഷന്മാരുടെ 55 കിലോഗ്രാം ഗ്രീക്കോ-റോമൻ വിഭാഗത്തിൽ ആദം ഉൽബാഷേവിനെയാണ് മോറെ പരാജയപ്പെടുത്തിയത്. ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ആദ്യ മെഡലാണിത്. വനിതകളുടെ 59 കിലോഗ്രാം വിഭാഗത്തിൽ ഇന്ന് രാത്രി നടക്കുന്ന ഫൈനലിൽ ഇന്ത്യയുടെ ആഞ്ജലി യുക്രെയ്ൻ്റെ സോളിമിയ വിന്നിക്കിനെ നേരിടും.

******************************************

## RAIN – KERALA

ഇടിമിന്നലോടു കൂടിയ ശക്തമായ വ്യാപക മഴക്ക് സാധ്യതയുള്ളതിനാൽ, കേരളത്തിലെ 7 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി എന്നിവിടങ്ങളിലാണ് ജാഗ്രത നിർദ്ദേശമുള്ളത്. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസ്സമില്ല.

******************************************

## JK TERRORIST

ജമ്മു കശ്മീരിലെ ഗാന്ദർബൽ തൊഴിലാളി ക്യാമ്പിൽ ഞായറാഴ്ചയുണ്ടായ ഭീകരാക്രമത്തിന് പിന്നിൽ പ്രവർത്തിച്ച രണ്ട് വിദേശികളുടെ ഫോട്ടോഗ്രാഫ് പോലീസ് പുറത്തുവിട്ടു. ക്യാമ്പിലെ സി.സി.ടി.വിയിൽ നിന്നും ലഭിച്ച ദൃശ്യങ്ങളിൽ നിന്നാണ് ഇവ തയ്യാറാക്കിയത്. ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെ ഏഴ് പേരാണ് ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടത്.

******************************************************************************************